**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ സയ്യിദത്ത് മൊഹസിന എസ് ബി, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. എ6/4342/2017/ജിമെആ കോഴിക്കോട് തീയതി.28.04.2017, 14.02.2019

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 34986/2017/ആവഡ തീയതി 05.06.2017

3 . ഡോ സയ്യിദത്ത് മൊഹസിന എസ് ബി സമർപ്പിച്ച അപേക്ഷ തീയതി 20.08.2018,

4. കത്ത് നം ഇഎ4- 34986/2017/ആവഡ തീയതി 29.10.2018

5. ഡോ സയ്യിദത്ത് മൊഹസിന എസ് ബി സമർപ്പിച്ച അപേക്ഷ തീയതി 30.11.2018

6. കത്ത് നം ഇഎ4- 34986/2017/ആവഡ തീയതി 27.5.2019

7. DMOH-KKD/4453/2024-A9 തീയതി 25.08.2024

8. ഡോ സയ്യിദത്ത് മൊഹസിന എസ് ബി സമർപ്പിച്ച അപേക്ഷ തീയതി 22.08.2024

**ഉത്തരവ് നം. DHS/10282/2025-EA4 തീയതി.02-06-2025**

ഡോ സയ്യിദത്ത് മൊഹസിന എസ് ബി (Dr Sayyidath Mohsina S B, PEN 776707), 30.06.2016 ന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ

തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കോഴിക്കോട് തൂണേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സേവനത്തിൽ തുടരവെ 01.04.2017 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

2. പരാമർശം (3) പ്രകാരമുള്ള അപേക്ഷ പ്രകാരം തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് ഡോ സയ്യിദത്ത് മൊഹസിന ആവശ്യപ്പെട്ടിരുന്നെങ്കിലും പരാമർശം (5) പ്രകാരം നിലവിൽ ജോലിയിൽ പ്രവേശിക്കുന്നതിന് കഴിയുകയില്ലെന്ന് അറിയിച്ചിരുന്നു.

3. പരാമർശം (4), (6) കത്തുകൾ പ്രകാരം തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും ടിയാൾ സമർപ്പിച്ചിരുന്നില്ല.

4. ഡോ സയ്യിദത്ത് മൊഹസിന 22.08.2024 ലെ പരാമർശം (8) ഹർജി പ്രകാരം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് താല്പര്യപ്പെടുന്നതായി അറിയിച്ചിരുന്നു.

(5). ഡോ സയ്യിദത്ത് മൊഹസിന എസ് ബി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് അറിയിപ്പ് നൽകുകയും ചെയ്തിട്ട് അത് അവഗണിച്ചു അനധികൃത ഹജരില്ലയ്മയിൽ തുടർന്ന നടപടി അംഗീകരിക്കുവാൻ കഴിയില്ല.

(6). ടി സാഹചര്യത്തിൽ 01.04.2017 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സയ്യിദത്ത് മൊഹസിന എസ് ബി, അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ്

കോണ്ടക്ക് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(7).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ സയ്യിദത്ത് മൊഹസിന എസ് ബി, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 02-06-2025 21:05:01

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Sayyidath Mohsina S B,**

**Sadath Manzil, Periganthur Post**

**Thalassery- 670675.**

പകർപ്പ്,

**1.** അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോഴിക്കോട്.

**3.** മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
പ്രാഥമികാരോഗ്യ കേന്ദ്രം തൂണേരി, കോഴിക്കോട്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

**4.** ഫയൽ